സ്പെഷ്യൽ തഹസീൽദാർമാർക്കുള്ള ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി

59 (2059) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും നാഷണൽ ഹൈവേയ്ക്ക് സ്ഥലം എടുക്കുന്നതിനുവേണ്ടി നിയോഗിച്ച സ്പെഷ്യൽ തഹസീൽദാർമാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രശ്നം ഉദിക്കുന്നില്ല.

റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് വില്ലേജ് സ്റ്റാഫിന് സംവരണം

60 (2063) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 ബി (1) (VI) പ്രകാരം ടെസ്റ്റ് യോഗ്യതയുള്ള വില്ലേജ് അസിസ്റ്റന്റുമാരെ വില്ലേജ് സ്റ്റാഫിന് സംവരണം ചെയ്തിട്ടുള്ള ഫർക്ക റവന്യൂ ഇൻസ്പെക്ടർ/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ പ്രമോഷൻ നല്കി സർവീസ് റഗുലറൈസ് ചെയ്യുമോ ;

(ബി) ഫർക്ക റവന്യൂ ഇൻസ്പെക്ടർ/ സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയുടെ സംസ്ഥാനതല ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള വിവരങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ചുവോ ;

(സി) എങ്കിൽ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒ.പി. 22276/98 തുടങ്ങിയ കേസുകളിലെ 14-9-1999-ലെ വിധി പ്രകാരം 10-9-1984-ൽ എൽ.ഡി. ക്ലാർക്കും, വില്ലേജ് അസിസ്റ്റന്റും ആയിരുന്നവരെയും, വില്ലേജ് ഓഫീസർമാരും യു.ഡി. ക്ലാർക്കുമാരായിരുന്നവരെയും സംയോജിപ്പിക്കുകയുണ്ടായി. അതനുസരിച്ച് 10-9-1984-ലെ സംയോജിത യു.ഡി. വില്ലേജ് ഓഫീസർ ലിസ്റ്റ് ഉണ്ടാക്കി. ടി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് 10-9-1984-ന് ശേഷമുള്ള ആർ.ഐ./എച്ച്.സി., ഡി.ടി. കേഡറുകളിലേക്ക് പ്രൊമോഷൻ നല്കിക്കൊണ്ടിരിക്കുന്നത്.

(ബി) ഇല്ല. അഞ്ചു ജില്ലാ കളക്ടർമാരിൽ നിന്ന് കൂടി ലഭിക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly